SUNDAY 15/06/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU.K.S Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/06/2025

1. കേരള കാർഷിക സർവകലാശാല കൂൺകൃഷി എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ജൂൺ 30 മുതൽ ജൂലൈ 19 വരെ നടത്തുന്നു രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2025 ജൂൺ 29 കൂടുതൽ വിവരങ്ങൾക്ക് :celkau@gmail.com എന്ന ഈമെയിൽ വിലാസത്തിലോ 0487 2438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

2. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചാണ് 'CRISP' (Comprehensive Rubber Information System Platform) എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തത്. മികച്ച കാർഷികരീതികൾ (GAPs), ൈ, വെബ് ജി.എൈ.എസ്. (WebGIS ടെക്നോളജി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) എന്നിവ കൂടി സംയോജിപ്പിച്ചുള്ളതാണ് ഇതിൽ ലഭ്യമായ റബ്ബർകൃഷിയുടെ വിവരങ്ങൾ. കൃഷിചെയ്യാൻ ഓോരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങൾ, വളപ്രയോഗ ശുപാർശകൾ, രോഗ-കീട നിയന്ത്രണമാർഗങ്ങൾ, റബ്ബർടാപ്പിങ്, സംസ്കരണം എന്നിവയെക്കുറിച്ചും റബ്ബറുത്പാദകസംഘങ്ങൾ, സമൂഹ റബ്ബർപാൽ സംസ്കരണശാലകൾ, റബ്ബർബോർഡ് ഓാഫീസുകൾ, നഴ്സറികൾ എന്നിവയെക്കുറിച്ചുമുള്ള വിവരങ്ങൾ ഇതിൽ ഉൾപെടുത്തിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം എന്നിവ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളെക്കുറിച്ചും അവിടങ്ങളിൽ ചെയ്യേണ്ടതും ഒഴിവാക്കേണ്ടതുമായ കൃഷിമുറകൾ സംബന്ധിച്ച വിവരങ്ങളും ഇൗ ആപ്പിൽ ലഭ്യമാണ്. ഇൗ മൊബൈൽ ആപ്പ് ഇപ്പോൾ പ്രകൃതിദത്തറബ്ബറിന്റെ ദേശീയ, അന്തർദേശീയ വില കൂടി ഉൾപെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. ഷീറ്റുറബ്ബർ, റബ്ബർപാൽ, ഒട്ടുപാൽ, ബ്ലോക്കുറബ്ബർ തുടങ്ങിയവയുടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിവിധ ഗ്രേഡുകളുടെ വില ഇതിൽ ലഭ്യമാണ്. കർഷകർക്കും വ്യാപാരികൾക്കും ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

3. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന അഗ്രിക്കൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രിക്കൾച്ചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 18/06/2025 തിയ്യതി വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**പ രിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജൂൺ 17 മുതൽ 21 വരെ "ശാസ്ത്രീയമായ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജൂൺ 16 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004 Email ID:principaldtctvm@gmail.com

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ആതവനാട് മൃഗ സംരക്ഷണ പരിശീലനത്തിന്റെ (LMTC Athavanad) ആഭിമുഖ്യത്തിൽ 17-06-2025 / ചൊവ്വ രാവിലെ 11 മണി മുതൽ 'ആടുവളർത്തൽ എന്ന വിഷയത്തിൽ ഒരു * ഓൺലൈൻ പരിശീലനം* സംഘടിപ്പിക്കുന്നു. ശാസ്ത്രീയ പരിചരണം, രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും, എന്നീ വിഷയങ്ങളിലൂന്നി ഡോ. സിന്ധു സത്യൻ (വെറ്ററിനറി സർജൻ, എൽ. എം.ടി.സി ആതവനാട്)ക്ലാസെടുക്കും. ഗൂഗിൾ മീറ്റ് വഴിയാണ് പരിശീലനം നടത്തുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494 2962296 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. രജിസ്റ്റർ ചെയ്തവർക്ക് പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് നൽകുന്നതാണ്.

**<u>കാർഷിക നിർദ്ദേശം</u>**

6. നെല്ലിൽ പോളരോഗം, പോള അഴുകൽ ഇലപുള്ളിരോഗങ്ങള് എന്നിവ വരാൻ സാധ്യതയുണ്ട് മുൻകരുതലായി 6300 കി.ഗ്രാം നെൽവിത്ത് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ മണിക്കൂർ കുതിർത്തുവെച്ച് വിതക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിൽ അര മണിക്കൂർ മുക്കിവെച്ച് നടുക.

7. തെങ്ങ് ഇലക്കരിച്ചിൽ

ഓലകളിൽ തവിട്ടു നിറത്തിലുള്ള പൊട്ടുകൾ കാണുന്നു. രോഗം രൂക്ഷമാകുമ്പോൾ ഓലകൾ കരിയുന്നു. തെങ്ങിൻ്റെ മണ്ടയിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം അഥവാ പ്രൊപ്പികൊണസോൾ 2 മി.ലി/ലി തളിക്കുക.

.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം